പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3745 | 17.12.2015-ൽ മറുപടിക്ക്.

## നെടുംകണ്ടത്ത് ഫയർ & റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ: | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി). |
| (എ) നെടുംകണ്ടത്ത് റവന്യൂ വകുപ്പിന് കീഴിൽ ഫയർ & റസ്ക്യൂ സ്റ്റേഷന് കണ്ടെത്തിയിട്ടുള്ള ഭൂമി വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ടോ; | : (എ) നെടുംകണ്ടത്ത് ഫയർ & റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം അഗ്നിശമന സേനാവകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത ഫയർ & റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ;<br><br>(സി) ആയത് അടിയന്തിരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി)യും, (സി)യും) ഇടുക്കി ജില്ലയിൽ നെടുങ്കണ്ടത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള, കൽകുന്തൽ വില്ലേജിൽ സർവ്വേ നമ്പർ 143/1ൽ പ്പെട്ട 82.43 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും പ്രസ്തുത സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിലാണ് ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകി വരുന്നത്. സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ